മാറരുതേ മുഖം മറയ്ക്കരുതേ-തള്ളരുതെന്നെ തള്ളരുതേ-2

മരുഭൂവാം ഇഹത്തിൽ ഞാൻ അഭയാർത്ഥി

കരങ്ങളിൽ ജലമില്ല കുടിപ്പാനായ്

അടുത്തെങ്ങും തണലില്ല വസിപ്പാനായ്

അവിടെയും തിരുമുഖം മറയ്ക്കരുതെ മാറരു....

ഒരിക്കലീ ജഗത്തെയും ജഡത്തേയും

പിരിയുമ്പോൾ ആരുണ്ടെന്നെ നടത്താൻ

ഒരിക്കലും പിരിയാതെ അടുത്തിരിപ്പാൻ

വൻകൃപയും തിരുമുഖവും തന്നെ മാറരു....

ധനശിഷ്ടം കരുതുന്ന ധനവാന്മാർ

കുഞ്ഞുങ്ങൾക്കായതു കരുതുമ്പോൾ

കേവലം ഒരു ചെറു പൈതൽപോൽ

കാലചക്രം ഗതി അറിയുന്നില്ല മാറരു....

പറക്കുന്ന പറവകൾക്കാഹാരം

നടക്കുന്ന മൃഗങ്ങൾക്കിരയും നീ

കൊടുക്കുന്ന നാഥനെന്നറിവാനായ്

ഹൃദയത്തെ തുറക്കുക ദിനംതോറും മാറരു....

നടുങ്ങുന്നില്ല മനം പതറുന്നില്ല,

പാടുന്നു ഞാൻ പക്ഷി പറവയെപ്പോൽ

കേഴുന്നു ഞാൻ തിരുപാദങ്ങളിൽ,

തഴുകിയെന്നെ നിൻതിരു പിതൃസ്നേഹം മാറരു....

കരങ്ങളെ നീട്ടുക പ്രിയതാതാ!

നടപ്പിലെൻ കാലുകൾ വഴുതാതെ

കിടക്കയിൽ ഹൃദയം പതറാതെ

മരിച്ചാലെൻ ജീവിതം തകരാതെ മാറരു....

Maararuthe mukham maraykkaruthe–thallaruthenne thallaruthe–2

Marubhoovaam ihatthil njaan abhayaarththi

karangalil jalamilla kutippaanaayu

adutthengum thanalilla vasippaanaayu

avideyum thirumukham maraykkaruthe maararu....

Orikkalee jagattheyum jadattheyum

piriyumbol aarundenne nadatthaan

orikkalum piriyaathe adutthirippaan

van krupayum thirumukhavum thanne maararu....

Dhanashishtam karuthunna dhanavaanmaar

kunjungalkkaayathu karuthumpol

kevalam oru cheru pythalpol

kaalachakram gathi ariyunnilla maararu....

parakkunna paravakalkkaahaaram

natakkunna mrugangalkkirayum nee

kotukkunna naathanennarivaanaayu

hrudayatthe thurakkuka dinamthorum maararu....

Natungunnilla manam patharunnilla,

paatunnu njaan pakshi paravayeppol

kezhunnu njaan thirupaadangalil,

thazhukiyenne ninthiru pithrusneham maararu....

Karangale neettuka priyathaathaa!

natappilen kaalukal vazhuthaathe

kitakkayil hrudayam patharaathe

maricchaalen jeevitham thakaraathe maararu....